"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 432/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.796/2026/LSGD** **തീയതി, തിരുവനന്തപുരം, 19-03-2026**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 08/09/2025 തീയതിയിലെ എ3/1865/2015/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01/12/2025 തീയതയിലെ DCTVM/11464/2025-K9 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 3101/2025/തസ്വഭവ, തീയതി, 30/12/2025.
4. ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-2026 - ഉപധനാഭ്യർത്ഥന - നഗരവികസനം - ഡിമാന്റ് നം. XXII ക്രമ നം. (സി).

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 0.28 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.432/2010 കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,27,053/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അമ്പത്തിമൂന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ച് എൽ.എ.ആർ.432/2010 നമ്പർ കേസിലെ ബാലൻസ് തുകയായ 2,27,053/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അമ്പത്തിമൂന്ന് രൂപ മാത്രം) '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ ടി കേസിലെ കക്ഷിയായ ശ്രീമതി എസ്. കല ശശികുമാർ-ന് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

3) തലസ്ഥാന നഗര വികസ പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 432/2010 നമ്പർ കേസിലെയും സമാനമായ മറ്റ് എൽ.എ.ആർ. കേസുകളിലെയും ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിനായി പരാമർശം (4) ഉപധനാഭ്യർത്ഥന പ്രകാരം '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ

2,80,05,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഉപധനാഭ്യർത്ഥനയുടെയും ഭരണാനുമതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 257/B-2-ൽ ഉൾപ്പെട്ട 0.28 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 432/2010 നമ്പർ കേസിലെ ബാലൻസ് തുകയായ **2,27,053/- (രണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അമ്പത്തിമൂന്ന് രൂപ മാത്രം**) ടി കേസിലെ കക്ഷിയായ ശ്രീമതി എസ്. കല ശശികുമാർ-ന് അനുവദിക്കുന്നതിനായി '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി എസ്. കല ശശികുമാർ, D/o സരള ദേവി, കെ.ആർ.എ.-47, പേട്ട എച്ച്.എസ്. റോഡ്, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/4/2026/FIN. dated 06.03.2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/308/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 19-03-2026 11:50:17
സെക്ഷൻ ഓഫീസർ